നമ്പർ. 4009/AD A1/1/AD A 1/AD A 1

<u>**പരിപത്രം**</u>

വിഷയം:- സർവ്വകലാശാലയിൽ തീരുമാനമാകാതെ കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനായി ഫയൽ അദാലത്ത് നടത്തുന്നത് - സംബന്ധിച്ച്.

സൂചന :- 05.02.2019-ലെ രജിസ്ട്രാറുടെ കുറിപ്പ് നമ്പർ രജി/2/112/2018

-----

സർവ്വകലാശാലയിൽ തീരുമാനമാകാതെ കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനായി ബഹു. ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നിർദ്ദേശാനുസരണം 22.02.2019-ന് രാവിലെ 9 മണി മുതൽ ഒരു അദാലത്ത് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

അദാലത്തുമായി ബന്ധപ്പെട്ട നടപടികൾക്കായി ശ്രീ. സാബു തോമസ്, ജോയിൻറ് രജിസ്ട്രാർ II (ഭരണവിഭാഗം), ശ്രീ. സുനിൽ ബാബു കെ, ഡെപ്യൂട്ടി രജിസ്ട്രാർ III (ഭരണവിഭാഗം), ശ്രീ. കെ.എസ്. ബാബു, ഡെപ്യൂട്ടി രജിസ്ട്രാർ II (അക്കാദമിക വിഭാഗം), ശ്രീ. ദിലീപ്കുമാർ ആർ., അസിസ്റ്റൻറ് രജിസ്ട്രാർ III (അക്കാദമിക വിഭാഗം), ശ്രീ. സണ്ണി പോൾ, അസിസ്റ്റൻറ് രജിസ്ട്രാർ I (പരീക്ഷാവിഭാഗം), ശ്രീ. വിനോദ് ജെ.കെ., അസിസ്റ്റൻറ് രജിസ്ട്രാർ VII (പരീക്ഷാവിഭാഗം), ശ്രീ. റോജൻ ജോസ്, അസിസ്റ്റൻറ് രജിസ്ട്രാർ III (ഭരണവിഭാഗം), ശ്രീ. സക്കീർ ഹുസൈൻ വൈ., സെക്ഷൻ ഓഫീസർ, ഇ.ഐ. 1 സെക്ഷൻ, ശ്രീ. സതീഷ് കുമാർ ജെ., സെക്ഷൻ ഓഫീസർ, പ്രൊ-വൈസ് ചാൻസിലറുടെ ഓഫീസ്, ശ്രീ. എ. അരുൺകുമാർ, പബ്ലിക് റിലേഷൻസ് ഓഫീസർ എന്നിവരെ ഉൾപ്പെടുത്തി ഒരു സെൽ രൂപീകരിച്ചിട്ടുണ്ട്.

വിദ്യാർത്ഥികൾ, അദ്ധ്യാപകർ, പ്രിൻസിപ്പൽമാർ, മാനേജർമാർ എന്നിവരിൽ നിന്നും അദാലത്തിലേക്കുള്ള പരാതികൾ 11.02.2019 വൈകുന്നേരം 5 മണിവരെ സെക്ഷനുകൾ സ്വീകരിക്കേണ്ടതും, ടി പരാതികൾ ഫെബ്രുവരി 08.02.2019 മുതൽ 16.02.2019 വരെ പരിശോധിച്ച് 18.02.2019-നകം വിവിധ വിഭാഗങ്ങളിൽ/സെക്ഷനുകളിൽ നിന്നുമുള്ള വിശദാംശങ്ങൾ ബന്ധപ്പെട്ട ഡെപ്യൂട്ടി രജിസ്ട്രാർമാരെ അറിയിക്കേണ്ടതുമാണ്. തുടർന്ന് ഡെപ്യൂട്ടി രജിസ്ട്രാർമാർ അദാലത്ത് സെല്ലിന് പ്രസ്തുത ഫയലുകൾ നൽകേണ്ടതാണ്. ഓൺലൈനായി പരാതികൾ സമർപ്പിക്കുന്നതിന് സർവ്വകലാശാല ഒരു വെബ്പോർട്ടൽ 06.02.2019 രാവിലെ 10 മണി മുതൽ വെബ്സൈറ്റിൽ ആരംഭിക്കുന്നതും, 11.02.2019 വൈകുന്നരം 5 മണി വരെ പരാതികൾ സ്വീകരിക്കുന്നതുമാണ്.

സർവ്വകലാശാലയിലെ വിവിധ സെക്ഷനുകളിൽ ഇതിനോടകം വിദ്യാർത്ഥികളോ, അദ്ധ്യാപകരോ, കോളേജ് പ്രിൻസിപ്പൽമാരോ, മാനേജർമാരോ നൽകിയിട്ടുള്ളതും തീരുമാനമാകാതെ കിടക്കുന്നതുമായ പരാതികളോ നിവേദനങ്ങളോ സംബന്ധിച്ച ഫയലുകൾ കണ്ടെത്തി ബന്ധപ്പെട്ട ജോയിൻറ് രജിസ്ട്രാർമാർ അംഗീകരിച്ച വിശദമായ റിപ്പോർട്ടുകൾ സഹിതം അദാലത്ത് നടത്തുന്നതിനായി രൂപീകരിച്ചിട്ടുള്ള അദാലത്ത് സെല്ലിന് 2019 ഫെബ്രുവരി 8-ന് മുൻപായി സമർപ്പിക്കേണ്ടതാണ്.

Draft #1 of File 4009/AD A1/1/2019/AD A 1 Approved by REGISTRAR on 05-Feb-2019 04:42 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

പരീക്ഷാ വിഭാഗത്തിൽ നിന്നുമുള്ള ഫയലുകൾ രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 1 മണി വരെയും, മറ്റുള്ളവ ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 മണി വരെയും ആണ് സമർപ്പിക്കേണ്ടത്. ഓരോ സെക്ഷനിലെയും സെക്ഷൻ ഓഫീസർമാർ തങ്ങളുടെ സെക്ഷനിൽ ലഭിച്ചിട്ടുള്ളതും തീരുമാനമാകാതെ കിടക്കുന്നതുമായ പരാതികളോ നിവേദനങ്ങളോ സംബന്ധിച്ച ഫയലുകളുടെ വിശദാംശങ്ങൾ അടങ്ങിയ റിപ്പോർട്ട് അദാലത്ത് സെല്ലിന് കൈമാറിയിട്ടുണ്ടെന്ന് വ്യക്തിപരമായി ഉറപ്പുവരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശനനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

**എം ആർ ഉണ്ണി**

രജിസ്ട്രാർ

സ്വീകർത്താവ്

1. സെക്ഷനുകൾ/ഡിപ്പാർട്ട്മെൻറുകൾ/സെൻററുകൾ/സ്കൂളുകൾ
2. വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ/ പരീക്ഷാ കൺട്രോളർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി എ മാർ
4. എ.ആർ./ ഡി.ആർ/ജെ.ആർ. (ഭരണവിഭാഗം/ പരീക്ഷാവിഭാഗം/ ധനകാര്യവിഭാഗം)
5. സെക്യൂരിറ്റി ഓഫീസർ/എസ്റ്റേറ്റ് ഓഫീസർ
6. പി.ആർ.ഒ./ റെക്കോർഡ്സ് സെക്ഷൻ/ കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ ഐ.ക്യൂ.എ.സി.
7. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ ഡേ ഫയൽ

Draft #1 of File 4009/AD A1/1/2019/AD A 1 Approved by REGISTRAR on 05-Feb-2019 04:42 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം